**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** — **07-10-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ മാറാക്കര പഞ്ചായത്തിലെ മലയിൽഭാഗത്ത് കുടിവെള്ളം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനായുള്ള സ്ഥലം വാട്ടർ അതോറിറ്റിയ്ക്ക് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് (ഫയൽ നമ്പർ: ആർഇ3 /157/2024/എൽ.എസ്.ജി. ഡി.) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ജൽ ജീവൻ മിഷൻ പ്രവർത്തിയുടെ ഭാഗമായി ആതവനാട്, മാറാക്കര ഗ്രാമപഞ്ചായത്തുകൾക്കും, കോട്ടക്കൽ മുൻസിപ്പാലിറ്റിയ്ക്കും ഉപയുക്തമാകുന്ന തരത്തിൽ 40 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റി ടെക്നിക്കൽ ഫീസിബിലിറ്റിയുള്ളതായി കണ്ടെത്തിയിട്ടുള്ള ആതവനാട് ഗ്രാമപഞ്ചായത്തിലെ മലയിൽ പ്രദേശത്തെ സർവ്വെ നമ്പർ 2/2-6, 2/2-7-ൽപ്പെട്ട 60 സെന്റ് ഭൂമി അക്വയർ ചെയ്യുന്നത് സംബന്ധിച്ച RE3/157/2024/LSGD നമ്പർ ഫയൽ അഭിപ്രായം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മലയിൽഭാഗത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ജൽ ജീവൻ മിഷൻ പ്രവർത്തിയുടെ ഭാഗമായി ആതവനാട്, മാറാക്കര ഗ്രാമപഞ്ചായത്തുകൾക്കും, കോട്ടക്കൽ മുൻസിപ്പാലിറ്റിയ്ക്കും ഉപയുക്തമാകുന്ന തരത്തിൽ 40 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റി ടെക്നിക്കൽ ഫീസിബിലിറ്റിയുള്ളതായി കണ്ടെത്തിയിട്ടുള്ള ആതവനാട് ഗ്രാമപഞ്ചായത്തിലെ മലയിൽ പ്രദേശത്തെ സർവ്വെ നമ്പർ 2/2-6, 2/2-7-ൽപ്പെട്ട 60 സെന്റ് ഭൂമി അക്വയർ ചെയ്യുന്നത് സംബന്ധിച്ച RE3/157/2024/LSGD നമ്പർ ഫയൽ അഭിപ്രായം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പിൽനിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ